**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5267** **12-08-2021 - ൽ മറുപടിയ്ക്ക്**

**പുതിയ പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പുതിയ പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | (എ) തോട്ടം മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തിയ സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഓണററി കൺസൾട്ടന്റായ ശ്രീ.വി.നമശിവായം സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ തോട്ടം മേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനു മാത്രമായി ഒരു വകുപ്പ് സംസ്ഥാനത്തില്ലെന്നും തോട്ടം മേഖലയിലെ ഉന്നമനത്തിനായി ഒരു സ്വതന്ത്ര പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കണമെന്നും ശുപാർശ ചെയ്യുകയുണ്ടായി. തുടർന്ന് 11/02/2021-ലെ സ.ഉ. (കൈ)നം.12/2021/തൊഴിൽ പ്രകാരം തൊഴിൽ വകുപ്പിന് കീഴിൽ ഒരു പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകി. 20.05.2021- ലെ Pol.5/43(1)/2021-GAD നമ്പർ വിജ്ഞാപനം പ്രകാരം പ്ലാന്റേഷൻ ഡയറക്ടറേറ്റ് എന്ന വിഷയം വ്യവസായ വകുപ്പിന് കീഴിൽ കൊണ്ടുവരികയും പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിനുള്ള നടപടികൾ വ്യവസായ വകുപ്പിൽ പുരോഗമിക്കുകയും ചെയ്യുന്നു. ബ്രിട്ടീഷ് കാലഘട്ടം മുതൽ തലമുറകളായി തോട്ടങ്ങളിൽ ജോലിയെടുക്കുന്ന തൊഴിലാളികൾ ധാരാളമാണ്. അവർ മലയോര മേഖലകളിൽ തോട്ടങ്ങളോട്ടു ചേർന്നു തന്നെ താമസിക്കുകയും ചെയ്യുന്നു. തേയില, കാപ്പി, സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവയുടെ കയറ്റുമതിയിലൂടെ സംസ്ഥാന സമ്പദ് വ്യവസ്ഥയ്ക്ക് വലിയൊരു സംഭാവന തോട്ടം മേഖലയിലെ തൊഴിലാളികൾ നൽകുന്നു. ഇക്കാരണത്താൽ ഈ മേഖലയ്ക്ക് പ്രത്യേക പരിഗണന നൽകേണ്ടതുണ്ട്. തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് സാമൂഹിക അംഗീകാരവും ഈ മേഖലയ്ക്ക് വികസനവും സാദ്ധ്യമാക്കുക എന്നതാണ് പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിനുള്ള ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |

| | | | |
|---|---|---|---|
| (ബി) | പ്ലാന്റേഷൻ ഡയറക്ടറേറ്റ് എന്നാണ് നിലവിൽ വന്നതെന്ന് പറയാമോ; ഇത്തരത്തിൽ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കുമോ; | (ബി) | പ്ലാന്റേഷൻ ഡയറക്ടറേറ്റ് നിലവിൽ വന്നിട്ടില്ല. തോട്ടം മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠനം നടത്തിയ സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഓണററി കൺസൾട്ടന്റായ ശ്രീ.വി.നമശിവായം സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ ഒരു സ്വതന്ത്ര പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കണമെന്ന് ശുപാർശ ചെയ്യുകയും സർക്കാർ പരിഗണിക്കുകയും പ്ലാന്റേഷൻ ഡയറക്ടറേറ്റ് വ്യവസായ വകുപ്പിന് കീഴിൽ രൂപീകരിക്കുന്നതിന് തീരുമാനിക്കുകയും ആയതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. മേൽ പരാമർശിച്ച റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | തൊഴിൽ വകുപ്പിന് കീഴിൽ രൂപീകരിക്കേണ്ട പ്ലാന്റേഷൻ ഡയറക്ടറേറ്റ് വ്യവസായ വകുപ്പിന് കീഴിലേയ്ക്ക് മാറ്റുന്നതിനുണ്ടായ സാഹചര്യമെന്തെന്ന് വ്യക്തമാക്കാമോ; | (സി) | തോട്ടം മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഓണററി കൺസൾട്ടന്റായ ശ്രീ.വി.നമശിവായം സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തീരുമാനം. |
| (ഡി) | പ്ലാന്റേഷൻ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ഈ വകുപ്പ് തൊഴിൽ വകുപ്പിന് കീഴിൽ കൊണ്ടുവരുന്നതിന് സർക്കാർ തയ്യാറാകുമോ; | (ഡി) | തോട്ടം മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഓണററി കൺസൾട്ടന്റായ ശ്രീ.വി.നമശിവായം സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തീരുമാനം. |
| (ഇ) | വ്യവസായ വകുപ്പിന് കീഴിൽ പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിച്ചത് നിലവിലെ പ്ലാന്റേഷൻ, ലേബർ ആക്ടുകളുടെ ലംഘനമായിട്ടുണ്ടോ എന്നും, തൊഴിലാളി വിരുദ്ധ തീരുമാനമായിട്ടുണ്ടോ എന്നും പരിശോധിക്കുമോ? | (ഇ) | 1956-ലെ പ്ലാന്റേഷൻ ലേബർ നിയമത്തിന്റേയും കേരള പ്ലാന്റേഷൻ ലേബർ ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ തോട്ടങ്ങളിൽ തൊഴിൽ വകുപ്പ് പരിശോധന നടത്തുന്നതും തൊഴിലാളികളുടെ ആനുകൂല്യങ്ങൾ സംരക്ഷിക്കുന്നതും. അതിനാൽ പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരണം തൊഴിലാളി വിരുദ്ധമാകുന്നില്ല. 20.05.2021- ലെ Pol.5/43(1)/2021-GAD നമ്പർ വിജ്ഞാപനം പ്രകാരം പ്ലാന്റേഷൻ ഡയറക്ടറേറ്റ് എന്ന വിഷയം വ്യവസായ വകുപ്പിന് കീഴിൽ കൊണ്ടുവന്നതിനാലാണ് വ്യവസായ വകുപ്പിനുകീഴിൽ പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ രൂപീകരണ നടപടികൾ നടന്നുവരുന്നത്. |

സെക്ഷൻ ഓഫീസർ

# കേരളത്തിലെ തോട്ടവിളകളുടെ ചില പ്രശ്നങ്ങൾ: ഒരു റിപ്പോർട്ട്

വി. നമശിവായം

## കേരളത്തിലെ തോട്ടംമേഖലയുടെ അവസ്ഥ

കേരളം ഇന്ത്യയിലെ യഥാർത്ഥ തോട്ടവിള സംസ്ഥാനമാണ്. രാജ്യത്തെ തോട്ടവിളകളുടെ നാല്പത്തിയഞ്ച് ശതമാനവും സംഭാവനചെയ്യുന്നത് സംസ്ഥാനമാണ്, ജനസംഖ്യയുടെ ഏതാണ്ട് 20 ശതമാനം ഉപജീവനത്തിനായി തോട്ടവിളകളെയാണ് ആശ്രയിക്കുന്നത്. കാർഷിക ഉത്പാദനത്തിന്റെ ജിഡിപിയിലെ സംഭാവനയുടെ മൂന്നിൽ ഒരുഭാഗം തോട്ടവിളകളിൽനിന്നായതിനാൽ ഇതിന് സാമ്പത്തികമായി വളരെ പ്രാധാന്യമുണ്ട്. പശ്ചിമഘട്ടത്തിലെ വളരെയധികം പരിസ്ഥിതി പ്രാധാന്യമുള്ള മലഞ്ചെരുവുകളിലും ചരിഞ്ഞപ്രദേശങ്ങളിലുമൊക്കെ വളരുന്നതിനാൽ അവയ്ക്ക് പരിസ്ഥിതി പ്രാധാന്യവുമുണ്ട്.[1]

കേരളത്തിലെ തോട്ടംമേഖലയിൽ മേധാവിത്വം പുലർത്തുന്നത് റബ്ബറാണ്, അത് മൊത്തം കൃഷിഭൂമിയിൽ 21.3 ശതമാനം വരുന്നു. കാപ്പി (3.3 ശതമാനം), തേയില (1.2 ശതമാനം), കൊക്കോ (0.6 ശതമാനം) എന്നിവയാണ് തുടർന്നുള്ളത്. ഇവയെല്ലാം ചേർന്ന് മൊത്തം കൃഷിഭൂമിയുടെ 680,635 ഹെക്ടർ അല്ലെങ്കിൽ 26.3 ശതമാനം വിസ്തീർണം വരുന്നു.[2] റബ്ബർ, കാപ്പി, തേയില എന്നിവ കൃഷിചെയ്യുന്ന ഭൂമിയുടെ വലുപ്പത്തിലുള്ള തരംതിരിവ് പട്ടിക 1 ൽ കൊടുത്തിട്ടുണ്ട്.

**പട്ടിക 1 റബ്ബർ, കാപ്പി, തേയില എന്നിവ കൃഷിചെയ്യുന്നതിന്റെ വിസ്തൃതി – ശതമാനത്തിൽ**

| വലുപ്പം (ഹെക്ടറിൽ) | റബ്ബർ | കാപ്പി | തേയില |
|---|---|---|---|
| നാമമാത്രം (0.00 – 0.99) | 41.74 | 34.14 | 8.53 |
| ചെറുത് (1.00 – 1.99) | 24.74 | 19.56 | 6.00 |
| പകുതി ഇടത്തരം (2.00 – 3.99) | 14.35 | 12.32 | 3.52 |
| ഇടത്തരം (4.00 – 9.99) | 5.29 | 7.28 | 1.43 |
| വലുത് (10.00 ഉം അതിനും മുകളിലുള്ളതും) | 13.88 | 26.70 | 80.52 |

സ്രോതസ്സ്: റിപ്പോർട്ട് ഓൺ 9th അഗ്രികൾച്ചറൽ സെൻസസ് 2010-11, സാമ്പത്തിക, സ്ഥിതിവിവര കണക്ക് വിഭാഗം, കേരള സർക്കാർ, 2014.

റബ്ബർ, കാപ്പി, തേയില എന്നിവയിലെ മൊത്തം ശരാശരി തൊഴിൽദിനങ്ങൾ 2014 ൽ 67,881 ആണ്. പട്ടിക 2 ൽ വിശദാംശങ്ങൾ കൊടുത്തിട്ടുണ്ട്.

---

[1] റിപ്പോർട്ട് ഓഫ് ദി കമ്മീഷൻ ഓൺ ഡബ്ല്യുടിഒ കൺസേൺസ് ഇൻ അഗ്രികൾച്ചർ, കേരള സർക്കാർ, 2003.

[2] അഗ്രികൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ് 2016-17, സാമ്പത്തിക, സ്ഥിതിവിവര കണക്ക് ഡയറക്ടറേറ്റ് കേരള സർക്കാർ, 2017.

പട്ടിക 2 2014 ലെ പ്രവർത്തിക്കുന്ന തോട്ടങ്ങളുടെ എണ്ണവും ശരാശരി തൊഴിൽദിനങ്ങളും

| വിള | പ്രവർത്തിക്കുന്ന തോട്ടങ്ങൾ | ആകെ ശരാശരി തൊഴിൽദിനങ്ങൾ |
|---|---|---|
| റബ്ബർ | 264 | 13187 |
| കാപ്പി | 150 | 2368 |
| തേയില | 84 | 13187 |
| ആകെ | 498 | 67881 |

സ്രോതസ്സ്: ലേബർ സ്റ്റാറ്റിസ്റ്റിക്സ് അറ്റ് എ ഗ്ലാൻസ്-കേരള, 2015, സ്റ്റാറ്റിസ്റ്റിക്കൽ വിംഗ് ഓഫ് ലേബർ ഡിപ്പാർട്ട്മെന്റ്. കേരള സർക്കാർ.

തോട്ടംമേഖലയുടെ സാമ്പത്തിക സാധ്യത നോക്കുകയാണെങ്കിൽ, കേരളത്തിലെ തോട്ടം മേഖല പ്രത്യേകിച്ചും റബ്ബർ മേഖല പ്രതിസന്ധിയിലാണ്. സ്വാഭാവിക റബ്ബറിന്റെ ഉല്പാദനം 2010-11 ലെ 7,99,000 ടണ്ണിൽ നിന്ന് 43 ശതമാനം കുറഞ്ഞ് 2016-17 ൽ 456,000 ടണ്ണായി. പട്ടിക 3 ൽ വിശദാംശങ്ങൾ കൊടുക്കുന്നു.

പട്ടിക 3 കേരളത്തിലെയും ഇന്ത്യയിലെയും സ്വാഭാവിക റബ്ബർ, കാപ്പി, തേയില എന്നിവയുടെ 2011-12 മുതൽ 2016-17 വരെയുള്ള ഉല്പാദനം, '000 മെട്രിക് ടണ്ണിൽ

| | | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 | 2016-17 |
|---|---|---|---|---|---|---|---|
| റബ്ബർ | കേരളം | 799 (88) | 800 (87) | 648 (84) | 508 (79) | 439 (78) | 456 (70) |
| | ഇന്ത്യ | 904 | 914 | 774 | 645 | 562 | 654 |
| കാപ്പി | കേരളം | 68 (22) | 64 (20) | 67 (21) | 68 (21) | 69 (20) | 63 (20) |
| | ഇന്ത്യ | 314 | 318 | 311 | 327 | 348 | 320 |
| തേയില | കേരളം | 69 (6.1) | 63 (5.6) | 63 (5.2) | 65 (5.4) | 58 (4.8) | 61 (4.9) |
| | ഇന്ത്യ | 1116 | 1126 | 1200 | 1207 | 1209 | 1239 |

സ്രോതസ്സ്: ഇയർ ബുക്ക് ആന്റ് ആനുവൽ റിപ്പോർട്ട്, 2016-17, അസ്സോസിയേഷൻ പ്ലാന്റേഴ്സ് ഓഫ് കേരള

കുറിപ്പുകൾ 1. ഇന്ത്യയിലെ മൊത്തം ഉല്പാദനത്തിൽ കേരളത്തിന്റെ പങ്കാണ് ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നത്.

2. തേയിലയുടെ ഉല്പാദന കണക്ക് ഒരു കലണ്ടർ വർഷത്തെയാണ്.

കൂടുതൽ തകർച്ചയുണ്ടാവുന്നത് തടയുന്നതിനായി റബർ മേഖലയ്ക്ക് അടിയന്തിര ശ്രദ്ധയും ഉദ്യമങ്ങളും ആവശ്യമാകുന്നു. ലഭ്യമായ വിവരവും തോട്ടംമേഖലയിലെ വിദഗ്ധരുമായുള്ള ചർച്ചയും വ്യക്തമാക്കുന്നത് ഉല്പാദനത്തിലും വിലയിലും കുറവ് എന്നത് തോട്ടം മേഖല ചരക്കുവ്യവസ്ഥയ്ക്ക് വിധേയമായതുകൊണ്ടുമാത്രല്ല, കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മറ്റ് ഘടകങ്ങളും കാരണമാണ്. ഒന്നിച്ചെടുത്താൽ, ഇവയ്ക്ക് കേരള സർക്കാരിൽ നിന്നും ഒരു സമഗ്ര നയപരമായ പ്രതികരണമാണ് ആവശ്യമാവുന്നത്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കുവേണ്ടിയുള്ള തോട്ടവിളകളെ സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ട് ഇപ്പോഴത്തെ സാഹചര്യം ഇങ്ങനെ ചുരുക്കിപ്പറയുന്നു:

സംസ്ഥാനത്തെ തോട്ടംമേഖലയുടെ പ്രകടനം നിരാശപ്പെടുത്തുന്നതും കമ്പോള അസ്ഥിരത ചരിത്രത്തിൽ ഉണ്ടാവാത്തതും കർഷകരുടെയും 14 ലക്ഷം വരുന്ന തോട്ടംതൊഴിലാളികളുടെയും ഉപജീവന സുരക്ഷയെ ബാധിക്കുന്നതുമാണ്.

കേരളത്തിലെ തോട്ടംമേഖലയിലെ പ്രതിസന്ധികളെക്കുറിച്ച് ഒൻപതിൽ കൂടുതൽ കമ്മിറ്റികൾ പഠിച്ചിട്ടുണ്ട്. അവരുടെ നിർദ്ദേശങ്ങൾ പേപ്പറിൽ തന്നെകിടക്കുന്നു. സർക്കാർ അംഗീകരിച്ച നിർദ്ദേശങ്ങൾ പോലും നടപ്പിലാക്കാൻ പ്രവർത്തന പദ്ധതികൾ ഒന്നുംതന്നെ ഉണ്ടായിട്ടില്ല.

ഈ കുറിപ്പ് തോട്ടംമേഖലയുടെ സമഗ്രമായ പ്രശ്നങ്ങളും വിശദാംശങ്ങളും അവലോകനം ചെയ്ത് ഉടനെ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു.

## പ്രശ്നങ്ങൾ

1. **ആഗോള സമ്പദ്ഘടനയും വിലയിലെ ചാഞ്ചാട്ടങ്ങളും**. എംഎസ് സ്വാമിനാഥൻ അധ്യക്ഷനായുള്ള കമ്മീഷൻ ഓൺ ഡബ്ലിയുടി കൺസേൺസ് ഇൻ അഗ്രികൾച്ചർ, കേരള സർക്കാർ (2003) ന്റെ റിപ്പോർട്ട് സൂചിപ്പിക്കുന്നത്

> 1990 കളുടെ അവസാന പാദത്തിനുശേഷം, ഒട്ടുമിക്ക കാർഷികോല്പന്നങ്ങളുടെ വിലയും തകർന്നതിന്റെ ഫലമായി സഹജമായി കേടുപറ്റാവുന്ന, പ്രധാനമായും ചരക്ക വ്യാപാരം/കമ്പോളത്തെ ആശ്രയിക്കുന്ന കേരളത്തിന്റെ കാർഷികരംഗം മുമ്പില്ലാത്ത തരത്തിലുള്ള സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്.

സമഗ്ര സർക്കാർ നയം, സഹായ പരിപാടി എന്നിവ ഇല്ലാത്തതും കുറഞ്ഞ നിക്ഷേപ ശേഷികളും കാരണത്താൽ ബാഹ്യകാരണങ്ങളാലുണ്ടായ പ്രതിസന്ധി ഈ മേഖലയുടെ പുനരുജ്ജീവനത്തെ ആഴത്തിൽ സ്വാധീനിച്ചു.

എല്ലാ തോട്ടവിളകളുടെയും ദീർഘകാല വില പ്രവണത തകർച്ചയിലാണ്. ഇറക്കുമതി, പ്രത്യേകിച്ച് വിവിധ ഡ്യൂട്ടി ഒഴിവാക്കിയുള്ള സ്കീമുകൾക്കു കീഴിലുള്ളത്, ആഭ്യന്തര വിലയിൽ സമ്മർദ്ദം ചെലുത്തുന്നത് തുടരുകയാണ്. ഉദാഹരണത്തിന്, ഇന്ത്യയിലെ മൊത്തം സ്വാഭാവിക റബറിന്റെ വിതരണത്തിലെ ഇറക്കുമതിയുമായുള്ള ശതമാനം എന്ന നിലയിൽ 2012-13 ൽ 24 ശതമാനമായിരുന്നത് 2016-17 ൽ 65 ശതമാനമായി ഉയർന്നു[3]. വ്യവസായം സമീപഭാവിയിൽ ഇറക്കുമതി കൂടുതൽ ഉദാരവൽക്കരിക്കുന്നതിനെക്കുറിച്ചും ഇത് വിലകളിൽ കാര്യമായ സ്വാധീനം ചെലുത്തുന്നതിനെക്കുറിച്ചുമുള്ള ആശങ്കകളും പ്രകടിപ്പിച്ചിട്ടുണ്ട്.

2. **ഉല്പാദനക്ഷമത**. കേരളത്തിലെ റബറിന്റെ ഉല്പാദനക്ഷമത 2011-12 ലെ ഹെക്ടറിന് 1931 കിലോഗ്രാമം എന്നതിൽ നിന്നും 2015-16 ൽ ഹെക്ടറിന് 1480 കിലോഗ്രാമായി കുറഞ്ഞു.[4] 2015-16 ൽ കേരളത്തിലെ കാപ്പിയുടെ ഉല്പാദനക്ഷമത (817 കിലോഗ്രാം/ഹെക്ടർ) അഖിലേന്ത്യാ തലത്തി

ല്ലള്ളതിനേക്കാളും (876 കിലോഗ്രാം/ഹെക്ടർ) കർണ്ണാടകത്തിനെക്കാളും (1152 കിലോഗ്രാം /ഹെക്ടർ) കറവായിരുന്നു.[5]

3. **അപര്യാപ്തമായ മൂല്യവർധനവ്.** മറ്റു സംസ്ഥാനങ്ങളിൽനിന്നും തോട്ടവിള സമ്പദ്ഘടനയുള്ള രാജ്യങ്ങളിൽ നിന്നും വ്യത്യസ്തമായി കേരളം മൂല്യവർദ്ധന സാധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തിയിട്ടില്ല. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കുവേണ്ടിയുള്ള കാർഷികമേഖലയെ സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ട് നിരീക്ഷിക്കുന്നത്:

> തോട്ടംമേഖലയിലെ കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനുള്ള ഒരു പ്രധാന തന്ത്രം, ഉൽപ്പന്ന വൈവിധ്യവൽക്കരണത്തിലൂടെ മൂല്യ വർദ്ധനവ് നടത്തുക എന്നതാണ്. എന്നിരുന്നാലും, മൂല്യവർധനയുടെ സാധ്യതയെ ഈ മേഖല ഫലപ്രദമായി ഉപയോഗപ്പെടുത്തിയിട്ടില്ല. തോട്ടക്കൃഷി വികസനത്തിനായുള്ള ഇടപെടലുകൾ പ്രധാനമായും ബന്ധപ്പെട്ട ചരക്ക് ബോർഡുകൾ/ഡയറക്ടറേറ്റുകളിലൂടെയും സംസ്ഥാന സർക്കാർ പദ്ധതികളിലൂടെയും മറ്റ് ഏജൻസികളുമായി ഫലപ്രദമായ ഏകോപനമില്ലാതെ പരിമിതപ്പെടുത്തിയിരിക്കുന്നു.

4. **സംസ്ഥാനതല നികുതി ചുമത്തൽ.**

a) **തോട്ടം നികുതികൾ.** സംസ്ഥാനതല നികുതികൾ (കേന്ദ്ര ആദായ നികുതി കൂടാതെ) കേരള സംസ്ഥാനത്തു മാത്രമുള്ളതിനാൽ തോട്ടം ഉടമകളെ പ്രതിനിധീകരിക്കുന്ന സംഘടനകൾ ഏറെക്കാലമായി അതൃപ്തി പ്രകടിപ്പിക്കുന്നുണ്ട്. മറ്റ് സംസ്ഥാനങ്ങളുമായുള്ള നികുതി വ്യവസ്ഥകളുടെ താരതമ്യ പഠനം നടത്താൻ 2009-10 ൽ ബന്ധപ്പെട്ട കക്ഷികളുടെ ഒരു പഠന കമ്മിറ്റി രൂപീകരിച്ചു. ഈ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ സൂചിപ്പിക്കുന്നത് കേരളത്തിലെ നികുതികൾ തോട്ടം നികുതിയും (മറ്റ് സംസ്ഥാനങ്ങളിലെപേപോലെ ഭൂ നികുതി കൂടാതെ) കാർഷികാദായ നികുതിയും (മറ്റു സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി) ഉൾപ്പെടുത്തിയിട്ടുണ്ടെന്നാണ്. 2 ഹെക്ടറിൽ താഴെ മാത്രം തോട്ടഭൂമി കൈവശമുള്ള വ്യക്തികൾക്ക് തോട്ടംനികുതി ബാധകമല്ല എന്നത് ശ്രദ്ധിക്കേണ്ടതാണ്.

ഭൂവുടമകളിൽ നിന്ന് ശേഖരിച്ച തോട്ടം നികുതി സംസ്ഥാനത്തിന് ഒരു പ്രധാന വരുമാന സ്രോതസ്സായി തോന്നുന്നില്ല (വ്യത്യസ്ത വർഷങ്ങളിൽ കാര്യമായ വ്യതിയാനങ്ങൾ ഉണ്ടെങ്കിലും). തോട്ടം നികുതി വരുമാനം 2007-08 ൽ 1.19 കോടിയായിരുന്നത് 2013-14 ൽ 78 ലക്ഷം രൂപ മാത്രമായിരുന്നു. 2016-17 കാലഘട്ടത്തിൽ ഇത് 1.79 കോടി രൂപയാണ്.

b) **കാർഷികാദായ നികുതി.** കേരള കാർഷികാദായ നികുതി നിയമം 1991 ൽ പാസ്സാക്കി. കാർഷിക വരുമാനം വളരെ വിശാലാർത്ഥത്തിലാണ് നിർവചിക്കപ്പെട്ടിരിക്കുന്നത്. (1) കൃഷിയ്ക്കായി ഉപയോഗിക്കുന്ന ഭൂമിയിൽ നിന്നും ലഭിക്കുന്ന എല്ലാ വരുമാനവും അതിൽ ഉൾപ്പെടുന്നു, (2) അത്തരം ഭൂമിയിലെ കൃഷിയിൽ നിന്നും ലഭിക്കുന്ന ഏതെങ്കിലും വരുമാനം, അതിൽ ലഭിച്ച പാട്ടം അല്ലെങ്കിൽ കാർഷികോല്പന്നം വിറ്റത് എന്നിവ ഉൾപ്പെടുന്നു (3) കൃഷിയ്ക്കായി ഉപയോഗിച്ചിരുന്ന ഭൂമിയിലെ കർഷകന്റെ ഉടമസ്ഥ തയിലുള്ള കെട്ടിടത്തിൽ

---

[5] ഡാറ്റാബെയ്സ് ഓൺ കോഫി, കോഫി ബോർഡ്, നവംബർ, 2017.

നിന്നുള്ള ഏതെങ്കിലും വരുമാനം അല്ലെങ്കിൽ കെട്ടിട വാടകയിനത്തിൽ ലഭിച്ചത്. വൃക്ഷങ്ങളുടെ വിൽപ്പന വരുമാന സ്രോതസ്സുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വ്യക്തികൾക്കുള്ള കാർഷികാദായനികുതി നിരക്കുകൾ ആരംഭിക്കുന്നത് 40,000 രൂപ വരുമാനം മുതലാണ്. 1,00,000 ന് മുകളിലുള്ള വരുമാനത്തിന് ഉയർന്ന നിരക്കായ 30 ശതമാനം ബാധകമാണ്. സ്ഥാപനങ്ങൾക്കും കമ്പനികൾക്കുമായി 25,000 രൂപയിൽ താഴെയുള്ള വരുമാനത്തിന് 35 ശതമാനം ബാധകമാണ്. വരുമാനം 300,000 രൂപയിൽ നിന്ന് അധികമായാൽ 50 ശതമാനമായി കൂടും. ഈ നിരക്കുകൾ, കാർഷികേതര വരുമാനത്തിന് ബാധകമായിട്ടുള്ള ആദായനികുതി നിരക്കുമായി വ്യക്തമായും പൊരുത്തപ്പെടുന്നതല്ല.

2004 ൽ തമിഴ് നാട് കാർഷിക വരുമാന നികുതികൾ നിർത്തലാക്കി. കർണാട് 2016 ലും നിർത്തിവച്ചിരുന്നു. നിലവിൽ ലഭ്യമായ വിവരങ്ങൾ കാണിക്കുന്നത് രാജ്യത്ത് ഒരു സംസ്ഥാനത്തും കാർഷികാദായ നികുതി ചുമത്തുന്നില്ല എന്നാണ്.

കാർഷികാദായ നികുതി സംസ്ഥാനത്തിന്റെ ഒരു പ്രധാന വരുമാന സ്രോതസ്സല്ല. 2016-17 ൽ കാർഷികാദായനികുതിയിൽ നിന്നുള്ള വരുമാനം 2.37 കോടി രൂപ മാത്രമായിരുന്നു. ഈ വരുമാന സ്രോതസ്സ് 2007-08 ൽ 22 കോടി രൂപയിൽ നിന്ന് നിലവിലെ നിലയിലേക്ക് കുത്തനെ കുറയുന്നത് ഈ മേഖലയുടെ ഇപ്പോഴത്തെ പ്രതിസന്ധിയെ സൂചിപ്പിക്കുന്നു. തോട്ടംമേഖലയിലെ പ്രതിസന്ധികളെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച ജസ്റ്റിസ് എൻ. കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ട് 2016, ഉയർന്ന നികുതി സംബന്ധി വിഷയങ്ങൾ പഠിച്ച് കാർഷികാദായ നികുതി വിഭജിക്കുകയോ അല്ലെങ്കിൽ അഞ്ചു വർഷത്തേക്ക് മോറട്ടോറിയം പ്രഖ്യാപിക്കു കയും അതിനെത്തുടർന്ന് തോട്ടനികുതി ഒഴിവാക്കലും ഉണ്ടാവണമെന്ന് നിർദ്ദേശിച്ചു.

റബ്ബർ, കാപ്പി, തേയില എന്നിവയിൽ ആദായനികുതി നിയമങ്ങളുടെ യഥാക്രമം 7 എ, 7 ബി, 8 എന്നിവ പ്രകാരം കേന്ദ്ര ആദായനികുതി ഈടാക്കുന്നത് ഇവിടെ ശ്രദ്ധിക്കേണ്ടത് പ്രധാനമാണ്. റൂൾ 7 എ പ്രകാരം, സമ്മിശ്ര വരുമാനത്തിന്റെ 35 ശതമാനം (കൃഷിച്ചെലവും വ്യാവസായിക ചെലവും റബ്ബർ വിൽപനയിൽ നിന്നും ലഭിക്കുന്ന വരുമാനത്തിൽ നിന്ന് കുറയ്ക്കും) കാർഷികേതര വരുമാനമായി കണക്കാക്കുകയും "ബിസിനസ്സിന്റെയോ, പ്രൊഫഷന്റെയോ ലാഭവും ആദായവുമായും" കാണിക്കണം. ഈ തുകയ്ക്ക് നിലവിലുള്ള നികുതിനിരക്കനുസരിച്ച് നികുതി ഈടാക്കാവുന്നതാണ്.

c) **റബ്ബർ മരങ്ങൾമുറിച്ചു മാറ്റുന്നതിനുള്ള സർക്കാർ നിരക്ക്** (Seigniorage on rubber trees). തോട്ടം ഉടമകളുടെ സംഘടന റബ്ബർ മരങ്ങൾമുറിച്ചു മാറ്റുന്നതിനുള്ള സർക്കാർ നിരക്കിനെപ്പറ്റി ആശങ്കയിലാണ്. അവരുടെ കാഴ്ചപ്പാടിൽ, ഇത് വിളവ് കുറഞ്ഞ മരങ്ങൾ വെട്ടി പുതിയവ വെച്ചുപിടിപ്പിക്കുന്ന പതിവ് കൃഷിരീതിയെ ഗൌരവമായി ബാധിക്കുന്നു. തോട്ടവുടമകളുടെ കണക്കനുസരിച്ച്, മരങ്ങൾമുറിച്ചു മാറ്റുന്നതിനുള്ള സർക്കാർ നിരക്ക് ക്യൂബിക് മീറ്ററിന് 2500 രൂപ വളരെ ഉയർന്നതാണ്, കാരണം ഇത് റീപ്ലാന്റ് ചെയ്യാനുള്ള ചെലവ് കണക്കിലെടുക്കുന്നില്ല. കൃഷിക്കായി പാട്ടത്തിനെടുത്ത സർക്കാർ വനഭൂമിക്ക് മാത്രം ബാധകമാണ് മരങ്ങൾമുറിച്ചു

മാറ്റുന്നതിനുള്ള സർക്കാർ നിരക്ക്. വനംവകപ്പിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ സൂചിപ്പിക്കുന്നത് 55,893 ഹെക്ടർ വനഭൂമി കൃഷിക്കായി പാട്ടത്തിനു കൊടുത്തിട്ടുണ്ടെന്നാണ്. ഇതിൽ 29,403 ഹെക്ടർ (52 ശതമാനം) റബർ തോട്ടത്തിനായി ഉപയോഗിക്കുന്നു.

മരങ്ങൾമുറിച്ച് മാറ്റുന്നതിനുള്ള സർക്കാർ നിരക്ക് വിഷയത്തിൽ നിരവധി കേസുകളുണ്ട് (സുപ്രീം കോടതിയിൽ അപ്പീലിനായി പോയിട്ടുള്ള കേസുകളുൾപ്പെടെ). ഇക്കാര്യത്തിൽ ഹൈക്കോടതിയിൽ തീർപ്പുകൽപ്പിക്കാതെ കിടക്കുന്ന കേസുകളുണ്ട്. ഈ കേസുകളിൽ മിക്കതും "വന ഉൽപാദന" നിർവചനങ്ങളുമായി ബന്ധപ്പെട്ടതും മരങ്ങൾമുറിച്ച് മാറ്റുന്നതിനുള്ള സർക്കാർ നിരക്കിനുവേണ്ടിയുള്ള "കൃഷിയിറക്കുന്ന മരങ്ങൾ" എന്നതുൾപ്പെട്ടതുമാണ്.

ഈ പഠനത്തിന്റെ ഭാഗമായി, ഈ സ്രോതസ്സിൽ നിന്നുള്ള സംസ്ഥാനത്തിന്റെ വരുമാന സാധ്യത മനസ്സിലാക്കാൻ ശ്രമം നടത്തിയിട്ടുണ്ട്. 2016-17 ലെ വനംവകപ്പിന്റെ ആകെ വരുമാനം 296 കോടി രൂപയായിരുന്നു. ഇതിൽ കേരള വന നിർമ്മാണ യൂണിറ്റിന്റെ (ഫിക്സേഷൻ ഓഫ് സെല്ലിംഗ് പ്രൈസ്) നിയമം 1978 ന് കീഴിലുള്ള വരുമാനം ഏകദേശം 1.38 കോടി രൂപയാണ്. കൂടാതെ വനംവകപ്പിൽ നിന്ന് ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2014-15 മുതൽ മരങ്ങൾമുറിച്ച് മാറ്റുന്നതിനുള്ള സർക്കാർ നിരക്കുമായി ബന്ധപ്പെട്ട് വരുമാനം ഉണ്ടായിട്ടില്ല. 2013-14 ൽ റബർ ട്രീ മരങ്ങൾമുറിച്ച് മാറ്റുന്നതിനുള്ള സർക്കാർ നിരക്കിൽനിന്നുള്ള വരുമാനം ഏതാണ്ട് 1.5 കോടി രൂപയായിരുന്നു.

സർക്കാരിന്റെ മൊത്തത്തിലുള്ള പാട്ടംകൊടുക്കൽ നയത്തിനൊപ്പം മരങ്ങൾമുറിച്ച് മാറ്റുന്നതിനുള്ള സർക്കാർ നിരക്ക് നയവും അവലോകനം ചെയ്യേണ്ടതാണ്. മതിയായ വൃക്ഷങ്ങളുടെ കവറേജ് ഉറപ്പുവരുത്തുന്നതിനും കാർബൺ സങ്കലനം, ദീർഘകാല പാരിസ്ഥിതിക ആശങ്കകൾ എന്നിവ നിയന്ത്രിക്കുന്നതിനും നിരീക്ഷിക്കുന്നതിനും ആധുനിക ഡിജിറ്റൽ ഉപകരണ ങ്ങൾ ഉണ്ട്.

*5.* **സ്ഥാപനപരമായ ക്രമീകരണങ്ങൾ.** അന്താരാഷ്ട്ര വ്യാപാരത്തിലെ തോട്ടങ്ങളുടെ പങ്കിന്റെ ഫലമായി തോട്ടവിള കേന്ദ്രസർക്കാരിൽ വാണിജ്യ വകപ്പിന്റെ കീഴിലാണ് വരുന്നത്. എന്നിരുന്നാലും, സംസ്ഥാനതലങ്ങളിൽ തോട്ടങ്ങളുടെ ഉത്തരവാദിത്വം ഒരു വകപ്പിൽ മാത്രം നിക്ഷിപ്തമല്ല. തൊഴിൽ, വനം, കൃഷി എന്നീ മൂന്ന് വകപ്പുകൾ ഭാഗികമായി ഈ മേഖലയുടെ ആവശ്യകതയെ അഭിസംബോധനചെയ്യുന്നു. ഭൂമിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ റവന്യൂ വകപ്പ് കൈകാര്യംചെയ്യുന്നു. ഈ മേഖല നേരിടുന്ന സങ്കീർണപ്രശ്നങ്ങളെ നേരിടാൻ നിലവിലുള്ള സ്ഥാപന ക്രമീകരണങ്ങൾ പര്യാപ്തമല്ല.

കമ്മീഷൻ ഓൺ ഡബ്ലിയുടി കൺസേൺസ് ഇൻ അഗ്രികൾച്ചർ, കേരള സർക്കാർ (2003) ന്റെ റിപ്പോർട്ട് നിരീക്ഷിക്കുന്നത്:

> കഴിഞ്ഞ കാലങ്ങളിൽ മൂല്യവത്തായ പ്രവർത്തനങ്ങൾ നടത്തിയിരുന്ന തേയില, കാപ്പി, റബ്ബർ, നാളികേരം, സുഗന്ധവ്യഞ്ജന ബോർഡുകൾ എന്നീ സർക്കാരിന്റെ കമ്മോഡിറ്റി ബോർഡുകൾ പുതിയ ആഗോള വ്യാപാര പരിതസ്ഥിതിയുടെ പശ്ചാത്തലത്തിൽ അവരുടെ ചരിത്രപരമായ പ്രാധാന്യം അതിജീവിച്ചു.

കേരള സർക്കാർ സംസ്ഥാനത്തെ കാർഷിക വികസന കാഴ്ചപ്പാടിൽ കാർഷികമേഖലയുടെ ഉപവിഭാഗമായ ഈ രംഗത്തിന് ആവശ്യമായ പ്രാധാന്യം കൊടുക്കുന്നില്ല. സംസ്ഥാന പദ്ധതികൾ തോട്ടവിളകളുടെ വികസനത്തെ ഇണക്കിച്ചേർക്കുന്നില്ല. ചരിത്രപരമായി ഈ വികസനം കേന്ദ്രസർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള കമ്മോഡിറ്റി ബോർഡുകളിൽ നിയമാനുസൃതമായി നിക്ഷിപ്തമാണ്. ഈ വിളകളുടെ വികസനം കൈകാര്യം ചെയ്യുന്നതിനായി സംസ്ഥാനത്തെ വകുപ്പുകൾ അല്ലെങ്കിൽ ഏജൻസികൾ (കൃഷിയും അല്ലെങ്കിൽ കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയും) നിയമപരമായി അല്ലെങ്കിൽ സാങ്കേതികമായി സജ്ജമാക്കപ്പെട്ടതോ അല്ല. അതിനാൽ ഈ വിളകൾ ഏറ്റവും നിർദയമായ അവഗണന അനുഭവിക്കുകയാണ്.

പലവകുപ്പുകളും ഏജൻസികളും ഉൾപ്പെട്ടിരിക്കുന്ന തോട്ടംവികസനത്തിനുവേണ്ടുന്ന മാർഗ്ഗനിർദ്ദേശം നൽകാൻ കഴിയുന്ന ഒരു തോട്ടവിള നയം സംസ്ഥാനത്ത് ഇല്ല. വകുപ്പുകളും ഏജൻസി കളും പലപ്പോഴും പരിധികടന്നും ഒറ്റയ്ക്കും പ്രവർത്തിക്കുന്നു.

## ഇടക്കാല നിർദ്ദേശങ്ങൾ

1) **വ്യവസായത്തിനു കീഴിൽ പുതിയ ഒരു ഡയറക്ടറേറ്റ് സ്ഥാപിക്കുക.** തോട്ടവിളമേഖലയുടെ പുനരുജ്ജീവനം മൂല്യവർധനവിനെ നിർണ്ണായകമായി ആശ്രയിച്ചിരിക്കുന്നു. എന്നോട് റബർ ഇറക്കുമതിയുള്ള ഇന്ത്യയിലെ നിലവാരങ്ങൾ പുനപരിശോധന നടത്തൽ തുടർന്നുകൊണ്ടിരിക്കുകയാണെന്നാണ് തോട്ടമേഖലയിലെ അസോസിയേഷനുകൾ പറഞ്ഞത്. ഇത് തെക്കു കിഴക്കൻ ഏഷ്യയിലെ വ്യാവസായികോല്പാദകരുടെ ഇന്ത്യാ ഗവൺമെന്റിനുമേൽ ഇറക്കുമതി കൂടുതൽ ഉദാരവൽക്കരിക്കണമെന്നുള്ള സമ്മർദ്ദം കാരണത്താലാണ്. ഇന്ത്യയിൽ അസംസ്കൃത വസ്തുക്കളുടെ നിലവാരം പരിഷ്കരിക്കുന്നതുമൂലം തെക്കു കിഴക്കനേഷ്യയിൽ നിന്നുള്ള ഉല്പന്നങ്ങൾക്ക് വിപണി തുറന്നുകൊടുക്കുകയും അത് വീണ്ടും റബറിന്റെ വിലയെ മങ്ങലേൽപ്പിക്കുകയും ചെയ്യും. ലോകവ്യാപാര സംഘടന റബറിനെ വ്യാവസായികോല്പന്നമായാണ് പരിഗണിക്കുന്നത്. അക്കാരണത്താൽ റബർ കാർഷിക കരാറിൽ ഉൾപ്പെടാതിരിക്കുന്നു (ആഭ്യന്തര ഉല്പാദകരെ സംരക്ഷിക്കുന്നതിന്) അതിനാൽ, ഈ മൂല്യശൃംഖലകളുടെ (value chain) ഏകോപനത്തിന്റെ ആവശ്യത്തിനും ഉല്പാദനരംഗത്തെ മാറ്റങ്ങളോട് തോട്ടംമേഖല പ്രതികരിക്കുന്നതിലേക്ക് മാറ്റുന്നതിനുമായി ഒരു സ്വതന്ത്ര ഡയറക്ടറേറ്റ് – ഞാൻ നിർദ്ദേശിക്കുന്നത് വ്യവസായ വകുപ്പിനു കീഴിൽ - രൂപീകരിക്കേണ്ടത് പ്രധാനപ്പെട്ടതാണ്.

വിവിധ തോട്ടവിള അസോസിയേഷനുകളെയും ഏജൻസികളെയും ഈ മേഖലയുടെ പുനരുജ്ജീവനത്തിനായി പുതിയ വിഭവങ്ങൾ നിക്ഷേപിക്കുന്നതിന് പങ്കെടുപ്പിക്കേണ്ടതും പ്രധാനപ്പെട്ടതാണ്. ഇപ്പോൾ സ്വകാര്യതോട്ടം അസോസിയേഷനുകൾ ഇടക്കാല പ്രശ്നങ്ങൾക്ക് (തൊഴിലാളികളുടെ കൂലി, നികുതികൾ, ഇളവുകൾ പോലുള്ളവ) പ്രാധാന്യം കൊടുക്കുന്നു. അല്ലാതെ വിജയപ്രദമായ ദീർഘകാല ഭാവിക്കുവേണ്ടി പ്രവർത്തിക്കുന്നില്ല.

2) **പുനരുജ്ജീവനത്തിനുള്ള മാർഗ്ഗരേഖയും സമഗ്രനയവും വികസിപ്പിക്കുക.** പുതിയ ഡയറക്ടറേറ്റിന്റെ ആദ്യ ചുമതല, എല്ലാ ബന്ധപ്പെട്ട കക്ഷികളുമായി കൂടിയാലോചിച്ച് ഒരു പുതിയ നയവും പദ്ധതിയും വികസിപ്പിക്കുക എന്നതാണ്. മുമ്പ് നിയമിച്ച പല കമ്മീഷനുകളും ഈ മേഖലയ്ക്കുമേലുള്ള സമ്മർദ്ദങ്ങളുണ്ടാക്കുന്ന പ്രശ്നങ്ങൾ ആവരണം

ചെയ്തിട്ടുണ്ട്. ഈ പുതിയ പരിശ്രമത്തിന്റെ ഊന്നൽ ഉപവിഭാഗ തലത്തിൽ പുനരുജ്ജീവനത്തിനുള്ള വിവിധ സാധ്യതകളെ തിരിച്ചറിയുകയും വ്യക്തമായ നാഴികക്കല്ലുകളുള്ള പാത തീരുമാനിക്കുകയുമാണ്. ഈ മേഖലയെ ബാധിക്കുന്ന നിയമ, നയ പരിമിതികൾ തിരിച്ചറിയുന്നതും പുതിയ സമഗ്രനയം നിർദ്ദേശിക്കുന്നതും പ്രധാനമാണ്.

3) **ഇടക്കാല ആശ്വാസം നൽകുക**. ബന്ധപ്പെട്ട കക്ഷികളുടെ വിശ്വാസം ഉറപ്പുവരുത്താൻ, ഈ മേഖലയിൽ ഇപ്പോൾ ചുമത്തിവരുന്ന നികുതികളിലും ലെവികളിലും (മരംമുറിക്കുന്നതിനുള്ള സർക്കാർ നിരക്ക്) ഒരു മിനിമം മൊറട്ടോറിയം പ്രഖ്യാപിക്കേണ്ടത് ആവശ്യമാണ്. ഒരു വിലപേശലായി, സ്വകാര്യ തോട്ടം ഉടമകളിൽ നിന്നും ഈ മേഖലയുടെ പുനരുജ്ജീവനത്തിനും സുസ്ഥിര വളർച്ചയ്ക്കും വേണ്ടിയുള്ള ഒരു നിക്ഷേപ പദ്ധതി കൊണ്ടുവരുന്നതിനുള്ള ഉറപ്പുണ്ടാവുന്നതും അത്യാവശ്യമാണ്. ചില സർക്കാർ പിന്തുണ നിബന്ധനകളുള്ളതും ചില പ്രത്യേക ലക്ഷ്യങ്ങളുമായി നേടുന്നതിനായി സംയോജിപ്പിക്കപ്പെട്ടതുമാണ്. ഉദാഹരണത്തിന് മെച്ചപ്പെട്ട തണൽ മരങ്ങളുടെ വിന്യാസം മുതലായവ കൊണ്ട് ഉൽപാദനക്ഷമത, പുതിയ നടീൽ, കാർബൺ സങ്കലനം എന്നീ പ്രത്യേക ലക്ഷ്യങ്ങൾ തയ്യാറാക്കുവാൻ വ്യവസായത്തിന് ആവശ്യപ്പെടാവുന്നതാണ്.

4) **മൂല്യവർധനവിനുവേണ്ടി പുതിയ ബിസിനസ്സ് മാതൃകകൾ വികസിപ്പിക്കുക**. സ്വകാര്യമേഖലയും ചെറുകിട ഉടമസ്ഥതയിലും മേധാവിത്വം പുലർത്തുന്നതാണ് തോട്ടം മേഖല. ചെറുകിട തോട്ടമുടമകളുടെകൂടി സംയുക്ത കമ്പോള ശക്തി പരിഗണിച്ചുകൊണ്ട് സുസ്ഥിര ബിസിനസ്സ് മോഡലുകൾക്ക് സൌകര്യമൊരുക്കുന്നതിൽ സർക്കാരിന് ഒരു പങ്കുണ്ട്. വൻകിട സ്വകാര്യ മേഖലയിലെ യൂണിറ്റുകൾക്ക് സ്വാതന്ത്ര്യം അനുവദിക്കണം, അതേസമയം മെച്ചപ്പെട്ട ഭരണം, സർക്കാരിനെ അനുസരിക്കൽ, റിപ്പോർട്ടിംഗ് ക്രമീകരണങ്ങൾ എന്നിവയും ഉണ്ടാവണം.